(1) 2011-ലെ പ്ലാച്ചിമട-കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ശ്രീ. സി. എച്ച്. കുഞ്ഞമ്പു : സർ, ജലവിഭവം സംബന്ധിച്ച കമ്മിറ്റിയിലെ അംഗമായ ഞാൻ 2011-ലെ പ്ലാച്ചിമട കൊക്കകോള ദുരിതബാധിതർക്ക് ദുരിതാശ്വാസവും നഷ്ടപരിഹാരവും ആവശ്യപ്പെടുന്നതിനുള്ള പ്രത്യേക ട്രൈബ്യൂണൽ ബിൽ സംബന്ധിച്ച മൂന്നാം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയർമാനുവേണ്ടി സമർപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. ഉമ്മൻ ചാണ്ടി) : സർ, ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി ഒരു അപാകതയുമില്ലെന്ന് പറഞ്ഞു. ഞാൻ അതിന്റെ നിയമപരവും സാങ്കേതികപരവുമായ കാര്യത്തെ ചോദ്യം ചെയ്യുന്നില്ല. പക്ഷേ ഈ ബില്ലിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ട് കാര്യമായ ചർച്ച ഇല്ലാതെ പാസ്സാക്കാൻ നമ്മുടെ സാധാരണ വ്യവസ്ഥകളൊക്കെ വേവ് ചെയ്തു കൊണ്ട് അവതരിപ്പിക്കാൻ പ്രതിപക്ഷം കൂട്ടു നിന്നതാണ്. അതിന്റെ പ്രാധാന്യം മനസ്സിലാക്കിക്കൊണ്ടാണ്. അതിന്റെ പൂർണ്ണമായ പ്രാധാന്യം ഗവൺമെന്റ് ഉൾക്കൊണ്ടിട്ടുണ്ടോയെന്നാണ് ഇവിടെ ചോദിച്ചത്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : ഇതിനുമുമ്പും സമിതിയിലെ അംഗങ്ങൾ റിപ്പോർട്ട് അവതരിപ്പിച്ചിട്ടുണ്ട്. അതാണ് ശരിയായ നടപടി. അതാണ് ശിരയായ കീഴ്വഴക്കം .....(ബഹളം).....

(2) സുനാമി പുനരധിവാസ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട്

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ, മൃനികുതിയും ദേവസ്വവും സംബന്ധിച്ച രണ്ടാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സുനാമി പുനരധിവാസ പദ്ധതികളുടെ പ്രവർത്തനവും പുരോഗതിയും സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുന്നു.

(3) പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിനാൽപത്തിയൊന്ന് മുതൽ നൂറ്റിഎഴുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. ആര്യാടൻ മുഹമ്മദ് : പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നൂറ്റിനാൽപ്പത്തിയൊന്ന് മുതൽ നൂറ്റി എഴുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ : ഈ സഭയുടെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ റിപ്പോർട്ട് വച്ച ഒരു കമ്മിറ്റിയാണ് പന്ത്രണ്ടാം കേരള നിയമസഭയുടെ പി.എ.സി. കമ്മിറ്റി. ചെയർമാനേയും മെമ്പർമാരേയും അതിനുവേണ്ട സഹായം ചെയ്തു കൊടുത്ത ഉദ്യോഗസ്ഥരേയും ചെയർ പ്രത്യേകമായി അഭിനന്ദിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly